LBRD-C2/18/2026-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - നാഗലശ്ശേരി, പീച്ചി, എടപ്പാൾ എന്നീ ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ജെം പോർട്ടൽ മുഖേനയും, CPRCS പോർട്ടൽ മുഖേനയും ആകെ 53,68,097/-രൂപക്ക് സംഭരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.332/2026/LBR　　　തീയതി,തിരുവനന്തപുരം, 28-02-2026

പരാമർശം:- 1. സ.ഉ (സാധാ) നം 1289/2025/തൊഴിൽ, തീയതി 03/11/2025

2. ട്രെയിനിംഗ് ഡയറക്ടറുടെ 22/01/2026 ലെ ഡി.റ്റി/5900/2025-ഇ1 നം കത്ത്.

**ഉത്തരവ്**

2024 ൽ സംസ്ഥാനത്ത് പുതുതായി ആരംഭിച്ച പീച്ചി, നാഗലശ്ശേരി, എടപ്പാൾ ഐ.ടി.ഐകളിലെ വിവിധ ട്രേഡുകളിലേക്കുള്ള ഉപകരണ സംഭരണത്തിനായി പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 3,48,99,785/- രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയിൽ ഉൾപ്പെട്ട നാഗലശേരി പീച്ചി, എടപ്പാൾ എന്നീ ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ജെം പോർട്ടൽ മുഖേനയും, CPRCS പോർട്ടൽ മുഖേനയും ആകെ 53,68,097/- രൂപക്ക് സംഭരിക്കാമെന്ന് ഐ ടി മിഷൻ പ്രതിനിധി ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉപകരണങ്ങൾ സംഭരിക്കുന്നതിനുള്ള സംഭരണാനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നാഗലശ്ശേരി പീച്ചി, എടപ്പാൾ എന്നീ ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകളിലേക്ക് (1Information technology, Computer Aided Embroidery and Designing, Artificial Intelligence and programming Assistant, Additive manufacturing Technician (3D Printing), Draughtsman Civil, Mechanic Motor Vehicle, Electrician Power Distribution, Fashion Design technology) ആവശ്യമായ ഉപകരണങ്ങൾ "2230-03-101-80-setting up of new ITIs (Plan)-2025-26" ശീർഷകത്തിൽ നിന്നും ചെലവഴിച്ച് ജെം പോർട്ടൽ മുഖേനയും, CPRCS പോർട്ടൽ മുഖേനയും ആകെ 53,68,097/-(അൻപത്തിമൂന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) രൂപക്ക് സംഭരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Usha Rani L

Date: 04-03-2026 11:15:39

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്